(ബി) നടപ്പു സാമ്പത്തിക വർഷം ഇതുവരെ ആയുർവേദ ആശുപത്രികളോ ഡിസ്പെൻസറികളോ ആരംഭിച്ചിട്ടില്ല. ഒരു പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ആയുർവേദ ചികിൽസാ സ്ഥാപനമെങ്കിലും ഉണ്ടാകണം എന്ന ലക്ഷ്യത്തോടെ, പദ്ധതി വിഹിതത്തിനനുസൃതമായി പഞ്ചായത്ത് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതനുസരിച്ച് ഘട്ടംഘട്ടമായി അവ അനുവദിക്കുകയാണ് ഗവൺമെന്റ് നയം. ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ വർഷം ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും നല്ല രീതിയിലാണ് പ്രവർത്തിച്ചുവരുന്നത്. അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഔഷധ വിതരണം യഥാസമയം നടത്തുന്നതിനും ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും സത്വര നടപടി സ്വീകരിച്ചുവരുന്നു.

149 (775) ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ എത്ര ഹോമിയോ ഡിസ്പെൻസറി അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) പാലക്കാട് ജില്ലയിലെ കൊല്ലംകോട് നിയോജകമണ്ഡലത്തിലെ പനങ്ങാട്ടിരിയിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻപ്രകാരം പ്രസ്തുത സ്ഥലത്ത് ഈ സാമ്പത്തിക വർഷം തന്നെ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാൻ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി 50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ സ്ഥലനിർണയം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

150 (776) ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി 50 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൽ സ്ഥലം നിർണയം സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

151 (777) മലിനീകരണ നിയന്ത്രണബോർഡിലെ ശമ്പള പരിഷ്കരണ നടപടികൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ശമ്പള പരിഷ്കരണ നടപടികൾ എതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിലെ ശമ്പള പരിഷ്കരണം എത്രയും വേഗം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നു അറിയിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

152 (778) തൊഴിലില്ലായ്മ വേതന കുടിശ്ശിക

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മാ വേതനം വിതരണം ചെയ്യുന്നതിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയാണുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതുകാലം മുതലാണ് കുടിശ്ശികയുള്ളത്;

(സി) കുടിശ്ശിക സംഖ്യ വിതരണം ചെയ്യാൻ എന്തുതുക വേണ്ടിവരും;

(ഡി) ഇപ്പോൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ എത്ര പേരുണ്ട്;

(ഇ) ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചതിനുശേഷം ആവശ്യമായ തുക ഈ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ തുക എപ്പോൾ കൈമാറുമെന്ന് വ്യക്തമാക്കുമോ;

(ജി) എത്രയുംവേഗം കുടിശ്ശിക തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ബി) 6/98 മുതലുള്ള തൊഴിലില്ലായ്മ വേതനമാണ് നൽകുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly